പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2868

20.7.2011-ലെ മറുപടിയ്ക്ക്

## റാന്നിയിൽ റബ്ബർ പാർക്ക്

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**ഉത്തരം**

ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) റാന്നിയിൽ കേരളത്തിലെ രണ്ടാമത്തെ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ; ഇതിനായി എത്ര ഉന്നതതല യോഗമാണ് ചേർന്നത്;

(ബി)യോഗ്യമായ സ്ഥലം കണ്ടെത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ജില്ലാ കളക്ടർ കണ്ടെത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണ്; ഇതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം ഏതെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(എ)&(ബി) റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടി പത്തനംതിട്ട ജില്ലാ കളക്ടർ റാന്നി താലൂക്കിലെ 6 സ്ഥലങ്ങൾ നിർദ്ദേശിച്ചു. പ്രസ്തുത സ്ഥലങ്ങളിൽ റാന്നി താലൂക്കിലെ പെരിനാട് വില്ലേജിലെ മണക്കയത്തുള്ള 250 ഏക്കർ ഭൂമി അനുയോജ്യമെന്ന് കണ്ടെത്തുകയും ഈ ഭൂമി അക്വയർ ചെയ്യുന്നതിനാവശ്യമായ ഭരണാനുമതിക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. റവന്യൂ വകുപ്പിന്റെ പരിശോധനയിൽ പ്രസ്തുത ഭൂമിയിൽ റീസർവ്വെ നടത്തിയിട്ടില്ലെന്നും, ഈ ഭൂമി സർക്കാർ പുറമ്പോക്ക്, സർക്കാരിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും ഹാരിസൺ മലയാളം പ്ലാന്റേഷൻ കോർപ്പറേഷൻ പാട്ടത്തിനെടുത്ത ഭൂമി എന്നിവ ഉൾപ്പെട്ടതാണെന്നും കണ്ടെത്തി. ഭൂമിയുടെ ഉടമസ്ഥതയുടെ ആധികാരികത സംശയാസ്പദമാണെന്നും പ്ലാന്റേഷന്റെ കൈവശത്തിലിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുമെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയതിനാൽ, അനുയോജ്യമായ

| | |
|---|---|
| | വേറെ സ്ഥലം കണ്ടെത്തുന്നതിന് തഹസീൽദാരെ ചുമതലപ്പെടുത്തി. എന്നാൽ ആദ്യം നിർദ്ദേശിച്ച സ്ഥലം തന്നെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഏകദേശം 3 ഉന്നതതല യോഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് കൂടിയിട്ടുണ്ട്. |
| (സി) പത്തനംതിട്ടയിലെ ഏറ്റവും വ്യവസായ പിന്നോക്ക താലൂക്കായ റാന്നിയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിക്കാ-നുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?. | സി) പദ്ധതിക്ക് ഭൂമി ലഭ്യമാക്കിയാൽ കിൻഫ്ര, പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ